പണമായി സ്വരൂപിക്കുകയും 5% പദ്ധതിക്കാവശ്യമായ ഭൂമിയായോ സന്നദ്ധ സേവനമായോ നൽകുകയും ചെയ്യേണ്ടതാണ്. നിശ്ചിത ഫോറത്തിലുള്ള അപേക്ഷകൾ അതാത് ജില്ലയിൽ രൂപീകരിച്ചിട്ടുള്ള ഡിസ്ട്രിക്ട് വാട്ടർ & സാനിട്ടേഷൻ മിഷൻ എന്ന സൊസൈറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ഇതിലേക്കാവശ്യമായ കേന്ദ്ര സഹായം രണ്ട് ഗഡുവായി പ്രസ്തുത സൊസൈറ്റിക്ക് ലഭിക്കുന്നതാണ്. പദ്ധതികളുടെ നിർവ്വഹണവും ഭാവി പരിപാലനവും നടത്തേണ്ടത് ഗുണഭോക്തൃസമിതിയാണ്.

(ബി) സ്വജൽധാരം-I പദ്ധതിയിൻകീഴിൽ കോട്ടയം ജില്ലയിൽ ഒരു പദ്ധതിയും തൃശ്ശൂർ ജില്ലയിൽ രണ്ട് പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. സ്വജൽധാരം-II പദ്ധതിയിൻകീഴിൽ കാസർഗോഡ് ജില്ലയിൽ 12 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) സ്വജൽധാരം-I പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു.

തിരുവനന്തപുരം	..	8.425	ലക്ഷം രൂപ
കോട്ടയം	..	17.185	,,
എറണാകുളം	..	1.75	,,
ഇടുക്കി	..	32.19	,,
തൃശ്ശൂർ	..	70.93	,,
പാലക്കാട്	..	15.01	,,
മലപ്പുറം	..	75.469	,,
കോഴിക്കോട്	..	23.78	,,
കണ്ണൂർ	..	6.00	,,
കാസർഗോഡ്	..	7.00	,,

കൂടാതെ സ്വജൽധാര-II പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ 37.06 ലക്ഷം രൂപയും കൊല്ലം ജില്ലയിൽ 142.45 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

നദീജല കരാറുകൾ ജലനയത്തിൽ ഉൾപ്പെടുത്തി പുനഃപരിശോധിക്കാൻ നടപടി

33 [2749] ഡോ. തോമസ് ഐസക്:
ശ്രീ. പി. സി. ജോർജ്:
,, പി. ജയരാജൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഒരു ജല നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള അന്തർ സംസ്ഥാന നദീജല കരാറുകളെ ജലനയത്തിലുൾപ്പെടുത്തി ഇവ പുനഃപരിശോധിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ജല സമ്പത്തിന്റെ കാര്യത്തിൽ കേരളം സമ്പന്നമായിരുന്ന കാലത്തുണ്ടാക്കിയ നദീജല കരാറുകൾ പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ;

(ഡി) കടുത്ത വരൾച്ച മൂലം ഇക്കഴിഞ്ഞ വേനലിൽ കേരളത്തിലെ മിക്ക വാറും എല്ലാ നദികളും വറ്റിവരണ്ട സാഹചര്യത്തിൽ ഈ നദീജലക്കരാറുകൾ പുനഃപരിശോധിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ കഴിയുക എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1992-ൽ രൂപീകരിച്ച ജലനയം ഇപ്പോൾ നിലവിലുണ്ട്. ഇതു പുതുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ജലനയത്തിന്റെ ഭാഗമായി പ്രത്യേകമായ നടപടികൾ ഉദ്ദേശിച്ചിട്ടില്ല.

(സി) നിലവിലുള്ള നദീജല കരാറുകൾ റദ്ദാക്കുന്നതിനോ, പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ ഒഴികെയുള്ള മറ്റു കരാറുകൾ പുനരവലോകനം ചെയ്യാനോ കരാറുകളിൽ വ്യവസ്ഥയില്ല. പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിന്റെ പുനരവലോകന നടപടികൾ നടന്നുവരുന്നു. കരാറുകളിൽ ഇല്ലാത്ത കാര്യം ചെയ്യുവാൻ നിയമ തടസമുണ്ട്.

(ഡി) നിലവിലുള്ള കരാറുകൾ റദ്ദാക്കുന്നതിനോ, പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ ഒഴികെയുള്ള മറ്റു കരാറുകൾ പുതുക്കി നിശ്ചയിക്കുന്നതിനോ കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല. പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പുനരവലോകന നടപടികൾ ഇപ്പോൾ നടന്നു വരുന്നു.

സ്കൂളുകളിൽ ശുദ്ധജലം എത്തിക്കുന്നതിന് പദ്ധതി

34 [2750] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്കൂളുകളിൽ ശുദ്ധജല വിതരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്;

(ബി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ശുദ്ധജലം എത്തിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി 441 സ്കൂളുകളിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly